**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 559**

**06-03-2012 - ൽ മറുപടിയ്ക്ക്**

# അങ്കമാലി വ്യവസായമേഖലയിലെ സുരക്ഷാ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോസ് തെറ്റയിൽ** | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ) അങ്കമാലി വ്യവസായമേഖലയിലെ സുരക്ഷാനടപടികൾക്കായിരൂപീകരിച്ച ടാസ്ക് ഫോഴ്സ് കമ്മിറ്റി ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) അങ്കമാലി വ്യവസായമേഖലയിലെ സുരക്ഷാനടപടികൾക്കായിരൂപീകരിച്ച ടാസ്ക് ഫോഴ്സ് കമ്മിറ്റി മൂന്നു ഘട്ടങ്ങളിലായി ടി വ്യവസായ മേഖലയിലെ യൂണിറ്റുകളിൽ സംയുക്ത പരിശോധന നടത്തി. പരിശോധനയിൽ സ്ഥാപനങ്ങൾ പാലിക്കപ്പെടേണ്ടതായിട്ടുള്ള സുരക്ഷാ മുൻകരുതലുകൾ എടുത്തിട്ടില്ലെന്നും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭ്യമാക്കേണ്ട അനുമതി, ലൈസൻസ് എന്നിവ എടുക്കുകയോ എടുത്തവ സമയ ബന്ധിതമായി പുതുക്കുകയോ ചെയ്യുന്നില്ലെന്നും ബോധ്യപ്പെട്ടു. ആകയാൽ ഉപയുക്തമായ ഉപകരണങ്ങളും സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കാനും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വാങ്ങേണ്ട ലൈസൻസ് വാങ്ങുന്നതിനും വാങ്ങിയവ സമയ ബന്ധിതമായി പുതുക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ പരിശോധനാറിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) ഫയർ ആന്റ് റസ്ക്യൂ വകുപ്പ് ഒഴികെയുള്ള വകുപ്പുകൾ പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(സി) വ്യവസായ യൂണിറ്റുകൾ വിവിധ വകുപ്പുകളിൽനിന്നും നിയമാനുസൃതമായി ലഭ്യമാക്കേണ്ട അനുമതി, ലൈസൻസ് എന്നിവ 31-03-2012 - നകം നിർബന്ധമായും വാങ്ങണമെന്നും ആയത് സമയ ബന്ധിതമായി പുതുക്കണമെന്നും സ്ഥാപനത്തിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ